പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 307 — 20.06.2019 - ൽ മറുപടിക്ക്.

## പൊതു വിതരണ സമ്പ്രദായത്തിലെ സോഷ്യൽ ഓഡിറ്റിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ഇ.കെ.വിജയൻ<br>,, വി.ആർ. സുനിൽ കുമാർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രതാ നിയമം 2013-ൽ പൊതു വിതരണ സമ്പ്രദായം സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) പൊതുവിതരണ സമ്പ്രദായം പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ സെക്ഷൻ (28) പ്രകാരം നിഷ്കർഷിക്കുന്നുണ്ട്. |
| (ബി) സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടിക്രമങ്ങളും സംവിധാനങ്ങളും ആയതിന്റെ പുരോഗതിയും വ്യക്തമാക്കുമോ;<br><br>(സി) ഇതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(ഡി) സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിന് ഏതെങ്കിലും സ്ഥാപനവുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) യും (സി) യും (ഡി) യും ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നിയമത്തിലെ സെക്ഷൻ (28) അനുശാസിക്കുന്ന രീതിയിലുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന് വിധേയമാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയത് നടപ്പിലാക്കുന്നതിന് മുന്നോടിയായി സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് നടത്തുന്നതിന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസു (TISS) മായി ധാരണയിലായി. ടി പ്രോജക്ടിന്റെ കാലാവധി നവംബർ, 2018 ൽ അവസാനിച്ചിരുന്നു. എന്നാൽ ജോലികൾ പൂർത്തിയാവാത്തതിനാൽ പ്രോജക്ട് പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജൂൺ 2019 വരെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. പൈലറ്റ് പ്രോജക്ടിന്റെ ചെലവുകൾ വഹിക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 9,40,005/- രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി. ആയതിന്റെ ആദ്യ ഗഡുവായി 6,58,004/- രൂപയും (70%) രണ്ടാം ഗഡുവായി 1,88,001/- (20%) TISS ന് നൽകിയിട്ടുണ്ട്.<br><br>സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ സിറ്റി റേഷനിംഗ് ഓഫീസ് (നോർത്ത്) ന്റെ പരിധിയിലുള്ള എ.ആർ.ഡി 107, 114, 116, 77 |

എന്നീ റേഷൻ കടകളിൽ നടന്ന് വരുന്നു. ടി കടകളിലെ കാർഡുടമകൾക്ക് കൃത്യമായ തൂക്കത്തിലും ഗുണനിലവാരത്തിലും റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ക്യാമ്പയിൻ 2019 മേയ് മാസം 30, 31 തീയതികളിൽ നടത്തിയിരുന്നു. കൂടാതെ ടി കടകളിലെ ഗുണഭോക്താക്കൾക്ക് റേഷൻ സമ്പ്രദായവുമായി ബന്ധപ്പെട്ടുള്ള വിവിധങ്ങളായ പരാതികൾ ഉന്നയിക്കാനും അവയ്ക്ക് പരിഹാരം കാണുന്നതിനുമായി ജൂൺ 17 വരെ സോഷ്യൽ ഓഡിറ്റ് പ്രവർത്തകർ മുഖേനയും, ജൂൺ 17 ന് വൈകുന്നേരം 4 മണി മുതൽ 6 മണി വരെ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ടും പരാതി സ്വീകരിക്കുന്നതാണ്. കൂടാതെ ജൂൺ 22 - ന് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ നടക്കുന്ന സോഷ്യൽ ഓഡിറ്റ് പൊതുയോഗത്തിൽ എ.ആർ.ഡി 107, 114, 116, 77 എന്നീ കടകളിലെ കാർഡുടമകൾ ഉന്നയിച്ച പരാതികൾക്കുള്ള പരിഹാരം അറിയിക്കുന്നതുമാണ്.

ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് (TISS) പൈലറ്റ് പ്രോജക്റ്റ് നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ആഡിറ്റിംഗ് സംസ്ഥാന വ്യാപകമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**